# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2834** **10.03.2017-ൽ മറുപടിയ്ക്ക്**

## 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളെ ഹൈടെക് ആക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.പി.സജീന്ദ്രൻ | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളെ ഹൈടെക് ആക്കുന്ന പദ്ധതി എത്ര സ്കൂളുകളിൽ ഈ വർഷം (2016-17) നടപ്പിലാക്കി; | എ) ഹൈടെക് സ്കൂൾ പദ്ധതി 2016-17 വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്,തളിപ്പറമ്പ് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻററി, വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) കമ്പ്യൂട്ടർലാബ് സജ്ജീകരിക്കുന്ന പദ്ധതിപ്രകാരം എത്ര സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുകയുണ്ടായി; | ബി) നാല് നിയോജക മണ്ഡലങ്ങളിലെ 125 സ്കൂളുകളിൽ, എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻററി, വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നുണ്ട്. |
| സി) 2017 ജനുവരി 31 വരെ ഈ പദ്ധതികൾക്കായി എന്ത് തുക ചിലവ് ചെയ്തു; വ്യക്തമാക്കാമോ? | സി) 'കിഫ്ബി ' യിൽ നിന്നാണ് ഹൈടെക് പദ്ധതിക്കുള്ള തുക വകയിരുത്തുന്നത്. നിലവിൽ നാല് മണ്ഡലങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കുള്ള തുക ഐടി@ സ്കൂൾ വിഹിതത്തിൽ നിന്നാണ് ഉപയോഗിക്കുന്നത്. ഇതിനായി ഐടി@ സ്കൂൾ പ്രോജക്റ്റ് 3 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ